4116
61 5/14

# കേരള സർക്കാർ

സംഗ്രഹം

പൊതുവിദ്യാഭ്യാസം - എയ്ഡഡ് - ആലപ്പുഴ ജില്ലയിലെ എഴുപുന്ന സെന്റ് റാഫേൽസ് ഹൈസ്കൂളിലെ യു.പി.എസ്.എ നിയമനാംഗീകാരവുമായി ബന്ധപ്പെട്ട് ശ്രീ.റ്റിജോ തോമസ് സമർപ്പിച്ച റിവിഷൻ ഹർജി തീർപ്പ് കൽപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പൊതുവിദ്യാഭ്യാസ (എച്ച്) വകുപ്പ്

സ.ഉ(സാധാ)നം.1497/14/പൊ.വി. തിരുവനന്തപുരം, തീയതി 31/03/2014

പരാമർശം :- (1) ചേർത്തല ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 24.04.2012-ലെ ബി4/694/2012/എൽ.ഡിസ് നമ്പർ കത്ത്.
(2) ആലപ്പുഴ വിദ്യാഭ്യാസ ഉപഡയറക്ടറുടെ 25.10.2012-ലെ ബി1/7865/12/കെ.ഡിസ് നമ്പർ ഉത്തരവ്.
(3) പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 25.03.2013-ലെ ഇസി1/1141/13/ഡിപിഐ നമ്പർ ഉത്തരവ്.
(4) ശ്രീ.റ്റിജോ തോമസ്, യു.പി.എസ്.എ, സെന്റ് റാഫേൽസ് ഹൈസ്കൂൾ, എഴുപുന്ന, ആലപ്പുഴ സമർപ്പിച്ച 29.04.2013-ലെ റിവിഷൻ ഹർജി.
(5) 19.11.2013-ലെ 48636/എച്ച്2/13/പൊ.വി.വ. നമ്പർ സർക്കാർ കത്ത്.
(6) പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 10.01.2014-ലെ ഇസി1/84794/13/ഡിപിഐ നമ്പർ കത്ത്.

## ഉത്തരവ്

സിംഗിൾ മാനേജ്മെന്റിന് കീഴിലുള്ള ഇടയാഴം സെന്റ് മേരീസ് എൽ.പി.സ്കൂളിലെ എൽ.പി.എസ്.എ-യും, ശ്രീ.റ്റിജോ തോമസിന്റെ മാതാവുമായ ലീലാമ്മ 15.11.1995-ൽ സർവ്വീസിലിരിക്കെ മരണപ്പെട്ടു. ടിയാളുടെ മരണസമയത്ത് ആശ്രിതനായ ശ്രീ.റ്റിജോ തോമസ് പ്രായപൂർത്തിയാകാത്ത ആളായതിനാൽ, പ്രായപൂർത്തിയായ ശേഷം 12.05.2003-ൽ ആശ്രിത നിയമനത്തിനായി അപേക്ഷ സമർപ്പിക്കുകയും, റ്റി.റ്റി.സി യോഗ്യത നേടിയ ശേഷം ആയതിൻ പ്രകാരമുള്ള രേഖകൾ ഹാജരാക്കുകയും ചെയ്തിരുന്നു. ഇതിനിടയിൽ, ഇടയാഴം സെന്റ് മേരീസ് എൽ.പി.സ്കൂൾ എറണാകുളം അതിരൂപതയുടെ കീഴിലുള്ള കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസി ഏറ്റെടുക്കുകയും, ചട്ടം 51 ബി അവകാശിയായ ശ്രീ.റ്റിജോ തോമസിനെ 23.01.2012 മുതൽ എഴുപുന്ന സെന്റ് റാഫേൽസ് ഹൈസ്കൂളിലുണ്ടായ റെഗുലർ ഒഴിവിൽ യു.പി.എസ്.എ ആയി നിയമിക്കുകയും ചെയ്തു. എന്നാൽ കോർപ്പറേറ്റ് മാനേജ്മെന്റിന് കീഴിലുള്ള മറ്റ് ചട്ടം 51 എ, 51 ബി അവകാശികളെ മറികടന്നായതിനാൽ പ്രസ്തുത നിയമനം ചേർത്തല ജില്ലാ വിദ്യാഭ്യാസ ഓഫീസർ പരമാർശ (1) പ്രകാരം നിരസിച്ചു. ഇതിനെതിരെ സമർപ്പിച്ച അപ്പീൽ പരമാർശം (2) പ്രകാരം ആലപ്പുഴ വിദ്യാഭ്യാസ ഉപഡയറക്ടർ നിരസിക്കുകയുണ്ടായി.

[.....2]

(2) ആലപ്പുഴ വിദ്യാഭ്യാസ ഉപഡയറക്ടറുടെ ഉത്തരവിനെതിരെ ശ്രീ.റ്റിജോ തോമസ് പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് അപ്പീൽ സമർപ്പിക്കുകയും, അതേസമയം തന്നെ 28294/12 നമ്പരായി ഒരു റിട്ട് ഹർജി ഫയൽ ചെയ്യുകയും ചെയ്തു. പിന്നീട്, റിട്ട് ഹർജി നം.28294/12-മേൽ ബഹു.ഹൈക്കോടതിയുടെ 28.11.2012-ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ പരാതിക്കാരനായ ശ്രീ.റ്റിജോ തോമസിനെ നേരിൽ കേൾക്കുകയും, ടിയാന്റെ വാദഗതികൾ നിലനിൽക്കാത്തതാണെന്ന് കണ്ടെത്തിയതിനാൽ പരാമർശം (3) പ്രകാരം അപ്പീൽ നിരസിക്കുകയും ചെയ്തു.

(3) പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ പരാമർശം (3) പ്രകാരമുള്ള ഉത്തരവിനെതിരെ ശ്രീ.റ്റിജോ തോമസ് പരാമർശം (4) പ്രകാരം സർക്കാരിൽ റിവിഷൻ ഹർജി സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത റിവിഷൻ ഹർജി തീർപ്പാക്കുന്നതുവരെ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ പരാമർശം (3) പ്രകാരമുള്ള ഉത്തരവിന്മേലുള്ള തുടർ നടപടികൾ മരവിപ്പിച്ചുകൊണ്ട് പരാമർശം (5) പ്രകാരം സർക്കാർ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്.

(4) ശ്രീ.റ്റിജോ തോമസിന്റെ റിവിഷൻ ഹർജിയിന്മേൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ പരാമർശം (6) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. കോർപ്പറേറ്റ് മാനേജ്മെന്റിന് കീഴിൽ ഹ്രസ്വകാല വേക്കൻസികളിൽ ധാരാളം മുതിർന്ന ചട്ടം 51 എ അവകാശികൾ ജോലിചെയ്യുന്നുണ്ടെന്നും, ചട്ടം 51 ബി അവകാശിയായ ശ്രീ.റ്റിജോ തോമസിനെ റെഗുലർ വേക്കൻസിയിൽ നിയമിക്കുന്നതിന് മുമ്പ് മുതിർന്ന ചട്ടം 51 എ അവകാശികളെ നിയമിക്കേണ്ടിയിരുന്നുവെന്നും, എഴുപുന്ന സെന്റ് റാഫേൽസ് ഹൈസ്കൂൾ കോർപ്പറേറ്റ് മാനേജ്മെന്റ് ഏറ്റെടുത്തത് 11.10.2010-ൽ ആണെന്നും, പരാതിയിൽ സൂചിപ്പിക്കുന്ന മറ്റൊരു ചട്ടം 51 ബി അവകാശിയായ ശ്രീമതി.റ്റിന്റ.സി.വർഗ്ഗീസിന്റെ നിയമനം 02.06.2009-ലാണെന്നും, ആയത് കോർപ്പറേറ്റ് മാനേജ്മെന്റ് ഏറ്റെടുക്കുന്നതിന് മുമ്പായതിനാലാണ് ചേർത്തല ജില്ലാ വിദ്യാഭ്യാസർ അംഗീകരിച്ചതെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആയതിനാൽ, കോർപ്പറേറ്റ് മാനേജ്മെന്റിന് കീഴിലുള്ള മുതിർന്ന ചട്ടം 51 എ അവകാശികളെ റെഗുലർ ഒഴിവുകളിൽ ക്രമപ്പെടുത്തിയതിന് ശേഷം മാത്രമേ ശ്രീ.റ്റിജോ തോമസിന്റെ നിയമനം പരിഗണിക്കാനാവുകയുള്ളുവെന്നും പൊതുവിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(5) ഈ വിഷയം പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ടിന്റെ വെളിച്ചത്തിൽ സർക്കാർ വിശദമായി പരിശോധിച്ചു. കെ.ഇ.ആറിലെ വ്യവസ്ഥകൾ പ്രകാരം ചട്ടം 51 എ അവകാശിക്ക് ചട്ടം 51 ബി അവകാശിയെക്കാൾ നിയമനത്തിൽ മുൻഗണനയുണ്ട്. ആയതിനാൽ കോർപ്പറേറ്റ് മാനേജ്മെന്റിന് കീഴിലുള്ള മുതിർന്ന ചട്ടം 51 എ അവകാശികളെ സ്ഥിര ഒഴിവുകളിൽ നിയമിച്ചതിന് ശേഷം മാത്രമേ ചട്ടം 51 ബി അവകാശിയായ ശ്രീ.റ്റിജോ തോമസിനെ സ്ഥിര ഒഴിവിൽ നിയമിക്കാൻ പാടുള്ളു. ആയതിനാൽ, മുതിർന്ന അവകാശികളെ മറികടന്നുകൊണ്ട് എഴുപുന്ന സെന്റ് റാഫേൽസ് ഹൈസ്കൂളിൽ 23.01.2012 മുതൽ

[....3]

റെഗുലർ ഒഴിവിൽ നടത്തപ്പെട്ട ശ്രീ.റ്റിജോ തോമസിന്റെ നിയമനം നിരസിച്ച വിദ്യാഭ്യാസ അധികാരികളുടെ നടപടി ചട്ടപ്രകാരമാണ്.

(6) മേൽസാഹചര്യത്തിൽ, ശ്രീ.റ്റിജോ തോമസ് സർക്കാരിൽ സമർപ്പിച്ച പരാമർശം (4) പ്രകാരമുള്ള റിവിഷൻ ഹർജിയിലെ ആവശ്യം പരിഗണിക്കാൻ നിർവ്വാഹമില്ലാത്തതിനാൽ റിവിഷൻ ഹർജി നിരസിച്ചുകൊണ്ടും, കൂടാതെ, പരാമർശം (3) പ്രകാരമുള്ള പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ഉത്തരവ് പരമാർശം (5)-ലെ കത്ത് പ്രകാരം മരവിപ്പിച്ച നടപടി റദ്ദ് ചെയ്തുകൊണ്ടും ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**കെ.അജയകുമാർ**
**ഗവൺമെന്റ് സെക്രട്ടറി**

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
വിദ്യാഭ്യാസ ഉപഡയറക്ടർ, ആലപ്പുഴ.
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, ചേർത്തല.
ശ്രീ.റ്റിജോ തോമസ്, യു.പി.എസ്.എ, സെന്റ് റാഫേൽസ് ഹൈസ്കൂൾ, എഴുപുന്ന, ആലപ്പുഴ.
പ്രഥമാദ്ധ്യാപകൻ/കോർപ്പറേറ്റ് മാനേജർ, സെന്റ് റാഫേൽസ് ഹൈസ്കൂൾ, എഴുപുന്ന, ആലപ്പുഴ.
ദി അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), തിരുവനന്തപുരം.
വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ